## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 06.05.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1. വിയറ്റ്നാം പ്രസിഡന്റ് തോ ലാമുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. നിരവധി ധാരണപത്രങ്ങളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

2. സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ സംസ്ഥാനത്ത് ഊർജ്ജിതം. കോൺഗ്രസ് നിയമസഭ കക്ഷി യോഗം നാളെ തിരുവനന്തപുരത്ത്.

3. തമിഴ്നാട്ടിൽ, സർക്കാർ രൂപീകരണത്തിനുള്ള അവകാശവാദം ഉന്നയിച്ച് TVK നേതാവ് വിജയ്, ഗവർണർക്ക് കത്ത് കൈമാറി. പശ്ചിമബംഗാളിൽ സത്യപ്രതിജ്ഞ ഈ മാസം 9 ന്.

4. കാലാവധി പൂർത്തിയായ പശ്ചാത്തലത്തിൽ, പതിനഞ്ചാം കേരള നിയമസഭ പിരിച്ചുവിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ വിജ്ഞാപനം പുറത്തിറക്കി.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - പഞ്ചാബ് കിംഗ്സിനെ നേരിടും.

*******************

## വിയറ്റ്നാം പ്രസിഡന്റ് (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി, വിയറ്റ്നാം പ്രസിഡന്റ് തോ ലാമുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സാങ്കേതികവിദ്യ, ഡിജിറ്റൽ പേയ്മെന്റ് , സംസ്കാരം, ടൂറിസം, പൊതുമേഖലാ ഓഡിറ്റ് തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യയും വിയറ്റ്നാമും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ചും ഇരു നേതാക്കളും ചർച്ച നടത്തി . പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചതിനും ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യൻ ജനതയ്ക്കൊപ്പം നിന്നതിനും വിയറ്റ്നാമിന് പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി. ഇന്ത്യയുടെ ആക്ട് ഈസ്റ്റ്, ഇന്തോ-പെസഫിക് നയങ്ങളിൽ വിയറ്റ്നാമിന് വലിയ പ്രാധാന്യമുണ്ടെന്നും പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുന്നതിലൂടെ സമാധാനത്തിനും, സുസ്ഥിരതയ്ക്കുമായി ഇരു രാജ്യങ്ങളും നിലകൊള്ളുമെന്നും അദ്ദേഹം അറിയിച്ചു. ഇന്ത്യയുടെ യുപിഐ പേയ്മെൻറ് സംവിധാനത്തെയും വിയറ്റ്നാമിൻറെ അതിവേഗ പേയ്മെൻറ് സംവിധാനത്തെയും ബന്ധിപ്പിക്കാൻ തീരുമാനിച്ചതായും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്)

*******************

## കോൺഗ്രസ് നിയമസഭാ കക്ഷി യോഗം(ഇൻട്രോ)

നിയമസഭ തിരഞ്ഞെടുപ്പിൻറെ ഫലപ്രഖ്യാപനത്തിന് പിന്നാലെ, സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. നിയുക്ത എംഎൽഎ മാരുടെ ആദ്യ നിയമസഭ കക്ഷി യോഗം കെപിസിസി ആസ്ഥാനത്ത് നാളെ രാവിലെ ചേരും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

*******************

## തമിഴ്നാട് നിയമസഭ

തമിഴ്നാട്ടിൽ, സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് TVK നേതാവ് വിജയ് ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ കണ്ട് കത്ത് സമർപ്പിച്ചു. ഭൂരിപക്ഷം തെളിയിക്കാൻ TVK രണ്ടാഴ്ചത്തെ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. 108 സീറ്റിൽ വിജയിച്ച്, തമിഴ്നാട്ടിലെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറിയ TVK-യ്ക്ക് കോൺഗ്രസ് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിന് വേണ്ട ഭൂരിപക്ഷം 118 ആണ്. ഡിഎംകെ സഖ്യത്തിൻറെ ഭാഗമായി തിരഞ്ഞെടുപ്പിൽ മത്സരിച്ച് 5 സീറ്റുകളിൽ വിജയിച്ച കോൺഗ്രസ്, TVK യ്ക്ക് പിന്തുണ പ്രഖ്യാപിച്ചതിൽ DMK നേതാക്കൾ അതൃപ്തി രേഖപ്പെടുത്തി. TVK യെ പിന്തുണയ്ക്കുന്ന കാര്യത്തിൽ വൈകാതെ തീരുമാനമെടുക്കുമെന്ന് DMK സഖ്യകക്ഷിയായ VCK യും അറിയിച്ചിട്ടുണ്ട്. AIADMK-യിലെ ഒരു വിഭാഗം എംഎൽഎമാരും TVK-യെ പിന്തുണയ്ക്കാൻ താത്പര്യപ്പെടുന്നതായാണ് റിപ്പോർട്ടുകൾ.

*******************

## പശ്ചിമ ബംഗാൾ സത്യപ്രതിജ്ഞ

പശ്ചിമ ബംഗാളിലെ പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞാ ചടങ്ങ് ഈ മാസം 9-ന് ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയടക്കമുള്ള മുതിർന്ന ബിജെപി നേതാക്കൾ ചടങ്ങിൽ പങ്കെടുക്കും. നിയമസഭ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നത് അടക്കമുള്ള നടപടികൾക്ക് നേതൃത്വം നൽകുന്നതിനായി മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഇന്ന് പശ്ചിമബംഗാളിലെത്തും.

*******************

## എം വി ഗോവിന്ദൻ

നിയമസഭാ തിരഞ്ഞെടുപ്പിൽ ഉണ്ടായത് അപ്രതീക്ഷിത പരാജയമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സി പി എം സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗത്തിനു

ശേഷം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെയും, പാർട്ടി പ്രവർത്തകരുടെയും അഭിപ്രായം കേട്ട് ആവശ്യമായ തിരുത്തലുകൾ വരുത്തും. പാർട്ടിയുടെ എല്ലാ ഘടകങ്ങളിലും യോഗം ചേരുമെന്നും പ്രവർത്തകർക്ക് സ്വതന്ത്രമായി അഭിപ്രായം പറയാൻ അവസരമൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

*******************

## പതിനഞ്ചാം കേരള നിയമസഭ പിരിച്ചുവിട്ടു

കാലാവധി പൂർത്തിയായതിനെ തുടർന്ന് പതിനഞ്ചാം കേരള നിയമസഭ പിരിച്ചുവിട്ട് ഗവർണറുടെ വിജ്ഞാപനം പുറത്തിറങ്ങി. ഭരണഘടനയിലെ ആർട്ടിക്കിൾ 174(2)(b) പ്രകാരമാണ് നടപടിയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പറയുന്നു.

*******************

## അന്തർമന്ത്രാലയ വാർത്താസമ്മേളനം

രാജ്യത്ത് ഗാർഹിക എൽ.പി.ജി വിതരണം സാധാരണ നിലയിലാണെന്നും പാചകവാതക ക്ഷാമം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കേന്ദ്ര സർക്കാർ. വാണിജ്യ സിലിണ്ടർ വിതരണം 70 ശതമാനം വരെ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും പെട്രോളിയം മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. പശ്ചിമേഷ്യൻ മേഖലയിലെ എല്ലാ ഇന്ത്യൻ നാവികരും സുരക്ഷിതരായി തുടരുന്നുവെന്നും കഴിഞ്ഞ 48 മണിക്കൂറിനുള്ളിൽ ഇന്ത്യൻ പതാകയുള്ള കപ്പലുകളിൽ ഒരുവിധ അനിഷ്ട സംഭവങ്ങളും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും , ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചു.

*******************

## ബ്രിക്സ് -യോഗം

ഇന്ത്യയുടെ ബ്രിക്സ് പ്രസിഡൻസിക്ക് കീഴിലുള്ള എംപ്ലോയ്മെന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ രണ്ടാമത് യോഗം തിരുവനന്തപുരത്ത് ഇന്ന് ആരംഭിച്ചു. രണ്ട് ദിവസത്തെ യോഗത്തിൽ ബ്രിക്സ് അംഗ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ

പങ്കെടുക്കുന്നുണ്ട്. സാമൂഹിക സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തൽ, തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നിവയെക്കുറിച്ചുള്ള ചർച്ചകളാണ് യോഗത്തിൽ നടക്കുന്നത്.

*******************

## സൈനിക് സ്കൂൾ

അഖിലേന്ത്യാ സൈനിക് സ്കൂൾ പ്രിൻസിപ്പൽമാരുടെ സമ്മേളനം നാളെയും മറ്റെന്നാളും തിരുവനന്തപുരത്ത് നടക്കും. കഴക്കൂട്ടം സൈനിക സ്കൂളിൽ നടക്കുന്ന സമ്മേളനത്തിൽ പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് അധ്യക്ഷത വഹിക്കും.

*******************

## ഹോട്ടൽ -സമരം

വാണിജ്യ പാചക വാതക സിലിണ്ടറിൻറെ വില വർധനയിൽ, സംസ്ഥാന വ്യാപകമായി ഇന്ന് ഹോട്ടലുകൾ അടച്ചിട്ട് പ്രതിഷേധം. 19 കിലോ സിലിണ്ടറിന് 993 രൂപ കൂടിയതിലാണ് ഹോട്ടൽ ആൻഡ് റെസ്റ്ററൻറ് അസോസിയേഷൻറെ നേതൃത്വത്തിൽ പ്രതിഷേധം നടക്കുന്നത്. ഹോട്ടലുകൾ അടഞ്ഞു കിടക്കുന്നത് ജനങ്ങൾക്ക് വലിയ രീതിയിൽ ദുരിതമുണ്ടാക്കിയെന്നാണ് ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടുകൾ. ഓൺലൈൻ ഭക്ഷണ വിതരണവും തടസ്സപ്പെട്ടിട്ടുണ്ട്. വിവിധ ജില്ലകളിൽ, സംഘടനയുടെ നേതൃത്വത്തിൽ മാർച്ചും ധർണയും നടന്നു.

*******************

## ശശി ശേഖർ വെമ്പതി

സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ ചെയർപേഴ്സണായി ശശി ശേഖർ വെമ്പതിയെ നിയമിച്ച് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. മൂന്ന് വർഷത്തേക്കാണ് നിയമനം. പ്രസാർ ഭാരതി സി.ഇ.ഒ അടക്കമുള്ള പദവികൾ വഹിച്ചിട്ടുണ്ട്. പ്രസൂൺ ജോഷി, പ്രസാർ ഭാരതി ചെയർപേഴ്സണായതിനെ തുടർന്നുണ്ടായ ഒഴിവിലേക്കാണ് ശശി ശേഖർ വെമ്പതിയുടെ നിയമനം.

*******************

## കരിമ്പിൻജ്യൂസ് (ഇൻട്രോ)

പത്തനംതിട്ടജില്ലയിൽ വേനൽ കടുത്തതോടെ വഴിയോരങ്ങളിൽ സജീവമായി കരിമ്പിൽ ജ്യൂസ് വിൽപനക്കാർ. കടുത്ത വേനലിൽ സംസ്ഥാനം വലയുമ്പോൾ, യാത്രക്കാർക്ക് ആശ്വാസം ആവുകയാണ് ഇവർ. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

*******************

## പേവിഷബാധയേറ്റ് മരണം

തൃശൂർ ചെറുതുരുത്തിയിൽ കുഴഞ്ഞുവീണ് മരിച്ച ഏഴുവയസുകാരിയുടെ മരണം പേവിഷബാധയെത്തുടർന്നാണെന്ന് ആരോഗ്യവകുപ്പ് സ്ഥിരീകരിച്ചു. വെട്ടിക്കാട്ടിരി സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിനിയായ സൻഹ മെഹ്റിനാണ് കഴിഞ്ഞ മാസം 28-ാം തീയതി ബന്ധുവീട്ടിലേക്കുള്ള യാത്രയ്ക്കിടെ പെട്ടെന്ന് കുഴഞ്ഞുവീണ് മരിച്ചത്.

*******************

## പാമ്പ് കടിയേറ്റു മരണം

വയനാട്ടിൽ പാമ്പ്കടിയേറ്റ് യുവാവ് മരിച്ചു. വയനാട് തൊണ്ടർനാട് പുതുശ്ശേരി ഉന്നതിയിലെ സുനിൽ ആണ് മരിച്ചത്. ഇന്നലെ ഉച്ചയോടെ വീടിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തിയ സുനിലിനെ മാനന്തവാടി മെഡിക്കൽ കോളേജിലെത്തിച്ച് പോസ്റ്റ്മോർട്ടം ചെയ്തപ്പോഴാണ് മരണകാരണം പാമ്പ് കടിയേറ്റാണെന്ന് വ്യക്തമായത്.

*******************

## കാലാവസ്ഥ

കേരളത്തിൽ അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളും, കോഴിക്കോടും, വയനാടും ഉൾപ്പെടെ സംസ്ഥാനത്തെ

10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് . നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ പകൽച്ചൂട് തുടരുന്ന സാഹചര്യത്തിൽ സൂര്യാഘാതമുൾപ്പടെയുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കെതിരെ മുൻകരുതൽ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

*******************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - പഞ്ചാബ് കിംഗ്സ് പോരാട്ടം. ഹൈദരാബാദിൽ രാത്രി 7:30 നാണ് മത്സരം.

*******************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് പഞ്ചാബ് എഫ് സി , ചെന്നൈയിൻ എഫ് സി യെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലെ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

*******************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.സെൻസെക്സ് 941 പോയിൻറ് ഉയർന്ന് 77,959 ലും, നിഫ്റ്റി 298 പോയിന്റ് നേട്ടത്തിൽ 24,331 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില കൂടി. പവന് 2,160 രൂപ ഉയർന്ന് ഒരു ലക്ഷത്തി 11,560 രൂപയും ,ഗ്രാമിന് 13,945 രൂപയുമാണ് ഇന്നത്തെ വില.

*******************

## ട്രംപ് - ഇറാൻ

ഇറാനെതിരെയുള്ള യുദ്ധവും ഉപരോധവും കരാറോടെയാകും അവസാനിക്കുകയെന്നും, ഇറാൻ അതിന് സന്നദ്ധമല്ലെങ്കിൽ ആക്രമണം കൂടുതൽ ശക്തമാകുമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. കരാറിന് ഇറാൻ സമ്മതിച്ചാൽ ഓപ്പറേഷൻ എപ്പിക് ഫ്യൂറി സൈനിക നടപടി അവസാനിക്കുമെന്നും ട്രംപ് സമൂഹമാധ്യമത്തിൽ കുറിച്ചു.

*******************

***********

*******